12.05.2019

## കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 14,15,16 തീയതികളിൽ മുട്ടക്കോഴി വളർത്തൽ 21,22 തീയതികളിൽ ആട് വളർത്തൽ എന്നീ വിഷയങ്ങളിൽ സൗജന്യ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ നമ്പർ 04829 – 234323.

## ടെറേറിയം പരിശീലന പരിപാടി

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഹൈടെക് റിസർച്ച് ആൻഡ് ട്രെയിനിങ് യൂണിറ്റിൽ വച്ച് ഈ മാസം 16 ന് ടെറേറിയം നിർമ്മാണത്തെക്കുറിച്ച് ഒരു പരിശീലന പരിപാടി നടത്തുന്നു. പൂന്തോട്ട നിർമ്മാണത്തിന് സ്ഥലസൗകര്യം ഇല്ലാത്തവർക്ക് അവലംബിക്കാൻ കഴിയുന്ന ചില്ലുകൂട്ടിലെ ചെറിയ ഉദ്യാനങ്ങളാണ് ടെറേറിയങ്ങൾ. ചുരുങ്ങിയ സമയത്തിനുള്ളിൽ വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ ചെയ്യാൻ കഴിയുന്ന ആദായകരമായ ബിസിനസാണ് ടെറേറിയം. താൽപര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8078056558, 7902386284.

## അറിയിപ്പ്

കൊല്ലം ജില്ലയിലെ തൃക്കരുവാ കൃഷി ഭവനിൽനിന്നും സൗജന്യ നിരക്കിൽ പച്ചക്കറി വിത്തും എലി വിഷവും വിതരണം ചെയ്യുന്നു. കൃഷി ഭവൻ പരിധിയിൽ വരുന്ന എല്ലാ കർഷകരും കൃഷി ഭവനുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ കൈപ്പറ്റേണ്ടതാണെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

## ഫാം ഇൻഫർമേഷൻ ബ്യൂറോ അമ്പതാം വാർഷികത്തോട് അനുബന്ധിച്ചു നടത്തുന്ന ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരം എൻട്രികൾ ക്ഷണിക്കുന്നു

ഫാം ഇൻഫർമേഷൻ ബ്യൂറോ അമ്പതാം വാർഷികത്തോട് അനുബന്ധിച്ചു നടത്തുന്ന ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരത്തിന് എൻട്രികൾ ക്ഷണിക്കുന്നു. **'കൃഷിയും പ്രകൃതിയും'** എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നത്. മൊബൈൽ ഫോണിലോ പ്രൊഫഷണൽ ക്യാമറകൾ വഴിയോ എടുത്ത ഫോട്ടോകൾ അയക്കാം. എച്ച്.ഡി ക്വാളിറ്റി ഉള്ളതും പ്രൊഫഷണലുമായ ഫോട്ടോകൾക്ക് കൂടുതൽ പ്രാമുഖ്യം. പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാം. ഫോട്ടോകൾ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ, fibshortfilmcontest@gmail.com എന്ന ഇ - മെയിലിലോ, ഗൂഗിൾ ഡ്രൈവ്, 6238039997 എന്ന വാട്സാപ്പ് നമ്പറിലോ, fib video contest/ fib kerala എന്ന ഫേസ്ബുക് പേജിൽ messenger വഴിയോ അയക്കാം. ഒന്നാം സമ്മാനം 15,000 രൂപ, രണ്ടാം സമ്മാനം 10,000 രൂപ, മൂന്നാം സമ്മാനം 5,000

രൂപ, fib video contest പേജ് വഴി ഏറ്റവും കൂടുതൽ ഫേസ്ബുക് ലൈക് ലഭിക്കുന്ന എൻട്രിക്ക് 5000 രൂപ. എൻട്രികൾ വരുന്ന മുറയ്ക്ക് ഞങ്ങളുടെ ഫേസ്ബുക്ക്(fib video contest) പേജിൽ അപ്‌ലോഡ് ചെയ്യുന്നതാണ്. അയയ്ക്കേണ്ട അവസാന തീയതി ജൂൺ 10. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712314358. വെബ്സൈറ്റ്: www.fibkerala.gov.in

## ബയോ കൺട്രോൾ കിറ്റ്

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഫാമിങ് സിസ്റ്റംസ് റിസർച്ച് സ്റ്റേഷനിൽ സ്യൂഡോമോണാസ്, വെർട്ടിസീലിയം, ബീവേറിയ എന്നിവയടങ്ങിയ ബയോകൺട്രോൾ കിറ്റ് 55 രൂപ നിരക്കിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0474 – 2663535.

## അറിയിപ്പ്

കേരള കാർഷിക സർവകലാശാലയുടെ പ്ലാന്റ് ബയോ ടെക്നോളജി കേന്ദ്രത്തിൽ ഗ്രാൻഡ് നെയിൻ ഇനം ടിഷ്യൂകൾച്ചർ വാഴതൈകൾ വിൽപനയ്ക്കുണ്ട്. തൈ ഒന്നിന് 15 രൂപയാണ് വില. വിളിക്കേണ്ട നമ്പർ 9562492698 , 9048178101